**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 5884

09 /07/2012 - ൽ

മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ പാചകവാതക വിതരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. അനൂപ് ജേക്കബ്** (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) കാസർഗോഡ് ജില്ലയിൽ പാചക വാതക വിതരണം നടത്തുന്ന ഏജൻസികൾ അമിതമായി വിതരണക്കൂലി ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കാസർഗോഡ് ജില്ലയിൽ അനന്താഗ്യാസ് ഏജൻസി അമിതമായി വിതരണക്കൂലി ഈടാക്കുന്നത് സംബന്ധിച്ച് ഒരു പരാതി ലഭിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) ടി ഏജൻസിക്കെതിരെ അന്വേഷണം നടത്തിയെങ്കിലും അമിതമായി വിതരണക്കൂലി ഈടാക്കുന്നതായി തെളിവ് ലഭിക്കുകയുണ്ടായില്ല. പരിശോധനയിൽ കണ്ടെത്തിയ മറ്റു ക്രമക്കേടുകൾക്ക് ടി ഗ്യാസ് ഏജൻസിക്ക് എതിരെ കാരണം കാണിക്കൽ നോട്ടീസ് അയച്ചിട്ടുണ്ട്. |
| സി) അമിതമായി വിതരണ കൂലി ഈടാക്കുന്നത് ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ: | സി) ഇത്തരത്തിലുള്ള ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഗ്യാസ് ഏജൻസി പ്രതിനിധികളുടെ മീറ്റിംഗ് വിളിച്ച് ഇത്തരം പരാതികൾക്കിടവരുത്താതെ ഗ്യാസ് വിതരണം നടത്തുവാൻ ശക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും ഗ്യാസ് ഏജൻസികളുടെ സൗജന്യ വിതരണ മേഖലക്ക് പുറമേയുള്ള സ്ഥലങ്ങളിലെ വിതരണക്കൂലി ജില്ലാ ഓപ്പൺ ഫോറങ്ങളിൽ ചർച്ച ചെയ്ത് ജില്ലാ കളക്ടർമാർ നിശ്ചയിച്ചിട്ടുണ്ട്. ഈ നിരക്കിൽ കൂടുതൽ ഈടാക്കുന്ന ഏജൻസികൾക്കെതിരെ ഓയിൽ കമ്പനികളുടെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ് ലൈൻസ് അനുസരിച്ച് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ